# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3333 — 23.06.14 ൽ - മറുപടിക്ക്

## അനർഹമായി ബി.പി.എൽ. റേഷൻകാർഡ് കൈവശം വയ്ക്കുന്ന സർക്കാർ ജീവനക്കാർക്കെതിരെ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. രാജു | | ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് ബി.പി.എൽ. കാർഡുകൾ ഉണ്ടായിരുന്ന എത്ര സർക്കാർ ജീവനക്കാരാണ് ആകെ ഉള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | സർക്കാർ ജീവനക്കാരായ ആർക്കും തന്നെ ബി.പി.എൽ. കാർഡുകൾക്ക് അർഹതയില്ല. എന്നാൽ തെറ്റായ വിവരത്തിന്റെ അടിസ്ഥാനത്തിൽ ബി.പി.എൽ. കാർഡുകൾ ലഭിക്കുകയോ ബി.പി.എൽ. റേഷൻ കാർഡ് ലഭിച്ച ശേഷം സർക്കാർ ജോലി ലഭിച്ചിട്ടും ടി വിവരം അറിയിക്കാതിരിക്കുകയോ ചെയ്തിട്ടുള്ളവർ ബി.പി.എൽ. കാർഡ് കൈവശം വയ്ക്കുന്നുണ്ടോ എന്ന് കണ്ടുപിടിക്കുന്നതിനായി തീവ്രപരിശോധനകൾ നടന്നു വരുന്നു. 28.02.2011 ലെ സ.ഉ.(അച്ചടി)39/2011/ഭ.സി.സ.വ പ്രകാരം സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ ബി.പി.എൽ. കാർഡുടമകളായോ, ബി.പി.എൽ. കാർഡിൽ അംഗമായോ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ടി കാർഡുകൾ സ്വയം തിരികെ നൽകി എ.പി.എൽ കാർഡുകൾ കൈപ്പറ്റണമെന്ന് ഉത്തരവായിരുന്നു. പ്രസ്തുത പദ്ധതി പ്രകാരം കാർഡ് സ്വന്തം മാറ്റുന്നതിനുള്ള അവസാന തീയതിയായ 30.06.2012 വരെ 35,225 ജീവനക്കാർ തങ്ങളുടെ ബി.പി.എൽ. കാർഡുകൾ എ.പി.എൽ ആക്കി മാറ്റിയിരുന്നു. |
| (ബി) ഇവരിൽ എത്ര ജീവനക്കാരിൽ നിന്നും പ്രസ്തുത കാർഡുകൾ തിരികെ വാങ്ങിയിട്ടുണ്ടെന്ന് വ്യക്ത മാക്കുമോ; | (ബി) | 31.05.2014 വരെ സർക്കാർ/അർദ്ധ സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ ഉൾപ്പെടുന്ന 40,926 ബി.പി.എൽ. കാർഡുകൾ എ.പി.എൽ ആക്കി മാറ്റിയിരുന്നു. |

| | | | |
|---|---|---|---|
| (സി) | അനർഹമായി ബി.പി.എൽ. കാർഡുകൾ കൈവശം വച്ച് ആനുകൂല്യങ്ങൾ കൈപ്പറ്റുന്ന സർക്കാർ ജീവനക്കാർ ഇപ്പോഴുമുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട്. അനർഹമായി ബി.പി.എൽ/ എ.എ.വൈ കാർഡുകൾ കൈവശം വെച്ചിരിക്കുന്നവരെ കണ്ടെത്തുന്നതിനായി ജില്ലാ സപ്ലൈ ഓഫീസറുടെ നേതൃത്വത്തിൽ സ്പെഷ്യൽ സ്ക്വാഡ് രൂപീകരിച്ച് വിശദമായ പരിശോധനകൾ നടത്തി വരുന്നു. |
| (ഡി) | ഓരോ സർക്കാർ വകുപ്പിലും 'താൻ ബി.പി.എൽ. കാർഡിൽ ഉൾപ്പെടുന്നില്ല' എന്ന സത്യപ്രസ്താവന എഴുതി വാങ്ങുന്നതുൾപ്പെടെയുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമോ; അനർഹമായി കൈവശം വച്ചിരിക്കുന്ന റേഷൻ കാർഡുകൾ തിരികെ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ഡി) | നിലവിൽ 'ബി.പി.എൽ-ൽ ഉൾപ്പെട്ടിട്ടില്ല' എന്ന സത്യപ്രസ്താവന എഴുതി വാങ്ങുന്നില്ല. അനർഹമായി ബി.പി.എൽ/ എ.എ.വൈ കാർഡുകൾ കൈവശം വെച്ചിരിക്കുന്നവരെ കണ്ടെത്തുന്നതിനായി ജില്ലാ സപ്ലൈ ഓഫീസറുടെ നേതൃത്വത്തിൽ സ്പെഷ്യൽ സ്ക്വാഡ് രൂപീകരിച്ച് വിശദമായ പരിശോധനകൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ